# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അലയമൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-KLM-P1/1545/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 26/10/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അലയമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-KLM-P1/1545/2023 തീയ്യതി: 26/10/2023

## കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-12-2022 മുതൽ 30-06-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽകുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2023 | 17-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-08-2023 | 17-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ്കുമാർ പി (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീ.അരുൺകുമാർ എ (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.രാജൻ വി ഡി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.അനീഷ് വി എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അസീനാ മനാഫ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.സുരേഷ് കുമാർ വി | സെക്രട്ടറി | 01-04-2022 | 14-10-2022 |
| ശ്രീ.ബിജുകുമാർ ആർ | സെക്രട്ടറി | 15-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുജീബ്.എസ് | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി സൗമ്യ റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.അനൂപ് നരേന്ദ്രൻനായർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ദീപ.എൽ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ വിനോദ് ജോൺ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.സുരേഷ്.ബി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സിന്ധു സി എസ് | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 28-06-2022 |
| ശ്രീമതി ഷീബ നാഗ്ദർ | ഹെഡ് മിസ്ട്രസ്സ് | 29-06-2022 | 31-03-2023 |
| ശ്രീമതി ജിഷ കെ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ ശ്രീനാഥ് ബി എസ് | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. മറിയാമ്മ ഡാനിയേൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-05-2022 |
| ശ്രീമതി ബിന്ദു ജി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2022 | 19-01-2023 |
| ശ്രീമതി അംബിക അന്തർജനം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20-01-2023 | 31-03-2023 |
| ശ്രീ.റിയാസ്.എ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി സീന എസ് | അക്രഡിറ്റഡ് എഞ്ചിനീയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 01-04-2022 | 30-04-2022 |
| ശ്രീമതി കാർത്തിക മോഹൻ | ഓവർസിയർ( AE In-Charge) | 01-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-01 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-02 |
| 4 | കഴിഞ്ഞ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം. | 1-1-03 |
| 5 | കഴിഞ്ഞ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ബാധ്യത തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-04 |
| 6 | അയഥാർത്ഥമായ തുകകൾ റീകൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തി. | 1-1-05 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-06 |
| 8 | ഗ്രാന്റ് ഇനത്തിൽ അധികം പിൻവലിച്ച തുക ഗുണഭോക്തൃവിഹിതം ശീർഷകത്തിൽ നീക്കിയിരുപ്പായി അവശേഷിക്കുന്നു. | 1-1-07 |
| 9 | MNREGS അഡ്മിനിസ്ട്രേറ്റീവ് ചെലവ് ഇനത്തിൽ തിരികെ ലഭിച്ച 14,10,774/-രൂപ മുൻകൂർ ശീർഷകത്തിൽ കുറവ് ചെയ്തില്ല. | 1-1-08 |
| 10 | ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയിൽ റീഫണ്ടായി ലഭിച്ച 13,89,824/-രൂപ തനത് വരുമാനമാക്കി മാറ്റി. | 1-1-09 |
| 11 | 1,40,000/-രൂപ Liability In Respect Of Stale Cheque ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കിയില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | പണം പിൻവലിക്കൽ പരിശോധനയിൽ കണ്ട അപാകതകൾ | 1-11 |
| 22 | ലേലകുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു. | 1-12 |

| | | |
|---|---|---|
| 23 | സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ കുടിശിക | 1-13 |
| 24 | മരാമത്ത് പ്രവൃത്തി - അധികബിൽ തുക നൽകി - 13,150/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 1-14 |
| 25 | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിലും അധികമായി 29 മനുഷ്യദിനങ്ങൾ അനുവദിച്ചത് മൂലം 9,019/-രൂപയുടെ അധിക ചെലവ്. | 1-15 |
| 26 | സബ്സിഡി നിബന്ധന മറികടക്കാൻ പ്രോജക്റ്റിൽ ഉൾപ്പെടുത്താതെ 17,100/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 27 | ലൈബ്രറി കെട്ടിട പുനരുദ്ധാരണം - പദ്ധതി ഫലപ്രാപ്തി കൈവരിച്ചില്ല. 4,10,321/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 28 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - 92,348/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 29 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ പ്രോജക്റ്റ് - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - 8,13,110/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 30 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 2,32,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 31 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത 5,08,633/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 32 | മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 33 | അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് - 3,024/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-23 |
| 34 | ഭവനനിർമ്മാണ - പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. | 1-24 |
| 35 | പഞ്ചായത്ത് ലൈബ്രറി പ്രവർത്തനക്ഷമമല്ല - അടിയന്തിര ഇടപെടലുകൾ അനിവാര്യം | 1-25 |
| 36 | എം ജി എൻ ആർ ഇ ജി എസ് മെറ്റീരിയൽ വർക്ക് - സിമന്റ് വില - വെൻഡർക്ക് തുക അനുവദിക്കുന്നതിൽ വ്യത്യസ്ത രീതി അനുവർത്തിക്കുന്നു. | 1-26 |
| 37 | ഹരിതകർമ്മസേന - വിവരശേഖരണം | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മരാമത്ത് പ്രവൃത്തി - അധികബിൽതുക നൽകി - 13,150/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-1 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് - 3,024/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-2 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 09/06/2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 14-07-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൌണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-01 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്,

### 1-1-02 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = ( - ) 10,56,674/-

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40 B - 40 A) = 22,31,356/-

വ്യത്യാസം = 11,74,682/-

### 1-1-03 കഴിഞ്ഞ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി

രേഖപ്പെടുത്തിയതിൽ വ്യത്യാസം.

| അക്കൗണ്ട് ശീർഷകം | 2021-22 നീക്കിയിരുപ്പ് | 2022-23 മുന്നിരുപ്പ് |
|---|---|---|
| 431100101<br>Receivables For Property Tax<br>On Residential Building (Current) | 0 | (-) 20,207/- |
| 431100103<br>Receivables For Property Tax<br>On Non- Residential Building (Current) | 0 | (-) 3,117/- |
| 431910201<br>Out Door Collection Control Account<br>( Reflected In Trial Balance Only) | 0 | 24,514/- |

1-1-04 കഴിഞ്ഞ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ബാധ്യത തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

| അക്കൗണ്ട് ശീർഷകം | 2021-22 നീക്കിയിരുപ്പ് | 2022-23 മുന്നിരുപ്പ് |
|---|---|---|
| 350300101<br>Govt. And Other Dues Payable -<br>Library Cess | 1,89,921/- | 1,91,111/- |

1-1-05 അയഥാർത്ഥമായ തുകകൾ റീകൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തി.

| ബാങ്ക് അക്കൗണ്ട് നം | ഇൻസ്ട്രുമെന്റ് നം | തീയതി | തുക(രൂപ) |
|---|---|---|---|
| HDFC - 50100398700470 | 9 | 30/03/2022 | 3,540/- |
| | ഇല്ല | 30/04/2022 | 8,296/- |
| SBI<br>37159276340 | ഇല്ല | 22/03/2023 | 4,346/- |
| | ഇല്ല | 31/03/2023 | 355/- |
| | ഇല്ല | 22/02/2023 | 3,025/- |
| | 1234 | 31/03/2023 | 3,990/- |
| Union Bank<br>009022010000535<br>( ILGMS - റീകൺസിലിയേഷൻ പത്രികയിൽ മാത്രം) | ഇല്ല | 03/01/2023 | 940/- |
| | ഇല്ല | 31/10/2022 | 570/- |
| | ഇല്ല | 28/02/2023 | 35,000/- |

1-1-06 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

2022-23 സാമ്പത്തിക വർഷം ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| B-17 പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരുപ്പ് | | B-4 പ്രകാരമുള്ള ബാദ്ധ്യത | | വ്യത്യാസം |
|---|---|---|---|---|
| അക്കൗണ്ട് നം | തുക (രൂപ) | അക്കൗണ്ട് ശീർഷകം | തുക(രൂപ) | |
| എച്ച്. ഡി.എഫ്. | 27,42,469/- | 320200113 | 17,29,957/- | |

| | | | | |
|---|---|---|---|---|
| | | CFC -Tied | | |
| | | 320200104<br>CFC – Basic | 17,23,392/- | |
| സി - ഇ ഗ്രാം<br>50100398700470 | | കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റീഫണ്ട് ചെയ്യുകയും തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയതതും അക്കൗണ്ട് ശീർഷകം 320200104 ൽ RP – 30 ൽ വരവ് സ്വീകരിച്ചതുമായ തുക | (-)<br>6,36,000/- | |
| | | ആകെ | 28,17,349/- | 74,880/- |
| യൂണിയൻ ബാങ്ക്<br>09022010000533 | 77,684/- | 320100139 | 23,562/- | 54,122/- |
| യൂണിയൻ ബാങ്ക്<br>09022010000535 | 47,388/- | 320100149 | 1,01,510/- | 54,122/- |
| എസ് സി ബി<br>5106 | 852/- | 320100197<br>സാക്ഷരത | 7,213/- | 6,361/- |
| | | 320100181<br>സമ്പൂർണശുചിത്വം | 18,25,790/- | |
| യൂണിയൻ ബാങ്ക്<br>52010135078185 | 4,42,037/- | 320100198<br>ശുചിത്വ മിഷൻ | 10,18,130/- | |
| | | ആകെ | 28,43,920/- | 24,01,883/- |
| സംയുക്ത പദ്ധതികൾക്കുള്ള ട്രഷറി അക്കൗണ്ട് നിലവിലില്ല | | 320700205<br>സംയുക്ത പദ്ധതികൾക്കുള്ള ജില്ല പഞ്ചായത്ത് വിഹിതം | 4,47,633/- | 4,47,633/- |
| | | 320700204<br>സംയുക്ത പദ്ധതികൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 35,76,678/- | 35,76,678/- |

**1-1-07 ഗ്രാന്റ് ഇനത്തിൽ അധികം പിൻവലിച്ച തുക ഗുണഭോക്തൃവിഹിതം ശീർഷകത്തിൽ നീക്കിയിരുപ്പായി അവശേഷിക്കുന്നു.**

പ്രോജക്ട് നം 21/2021-22, പ്രോജക്ട് നം 22/2021-22 എന്നിവയുടെ നിർവഹണവുമായി ബന്ധപ്പെട്ട് വികസന ഫണ്ട് (ജനറൽ) നിന്നും അധികമായി പിൻവലിച്ച 1,34,100/-രൂപയും, വികസന ഫണ്ട് (എസ്.സി.പി) നിന്നും അധികമായി പിൻവലിച്ച 1,96,650/-രൂപയും ഉൾപ്പടെ 3,30,750/-രൂപ അക്കൗണ്ട് ശീർഷകം (320800101 - ഗുണഭോക്തൃവിഹിതം)-ൽ നീക്കിയിരുപ്പായി അവശേഷിക്കുന്നു. വിശദാംശം 2021-22 ഓഡിറ്റ് റിപ്പോർട്ട് 1-14 ൽ.

**1-1-08 MNREGS അഡ്മിനിസ്ട്രേറ്റീവ് ചെലവ് ഇനത്തിൽ തിരികെ ലഭിച്ച 14,10,774/-രൂപ മുൻകൂർ ശീർഷകത്തിൽ കുറവ് ചെയ്തില്ല.**

28/03/2023 ലെ ചെക്ക് നം 295553 പ്രകാരം 14,10,774/-രൂപ MNREGS ന്റെ ബാങ്ക് അക്കൗണ്ടിൽ ( കാനറ ബാങ്ക് - 2856101003850) നിന്നും തനത് ഫണ്ട് അക്കൗണ്ടിലേക്ക് (37159276340) ട്രാൻസ്ഫർ ചെയ്യുന്നതിന് കോൺട്ര വൗച്ചർ ജനറേറ്റ് ചെയ്തെങ്കിലും തുക മുൻകൂർ ശീർഷകത്തിൽ (460500801) ൽ ക്രഡിറ്റ് രേഖപ്പെടുത്തിയില്ല.

1-1-09 ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയിൽ റീഫണ്ടായി ലഭിച്ച 13,89,824/-രൂപ തനത് വരുമാനമാക്കി മാറ്റി.

കേരള വാട്ടർ അതോറിറ്റിയിൽ വിവിധ പ്രവൃത്തികൾക്കായി മുൻകൂറായി നിക്ഷേപിച്ച തുകയിൽ പ്രവൃത്തി പൂർത്തീകരണശേഷം റീഫണ്ടായി ലഭിച്ച 13,89,824/-രൂപ ( രസീത് നം 122010027 തീയതി 06/04/2022 ) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് (എസ്.സി.ബി 4654) നിക്ഷേപിച്ചത്. പ്രസ്തുത തുക 460500201 അക്കൗണ്ട് ശീർഷകത്തിൽ മാത്രമാണ് വരവ് വക കൊള്ളിച്ചത്. വിവിധ പ്രവൃത്തികൾക്കായി ഗ്രാന്റ് ഇനത്തിൽ തുക പിൻവലിച്ച ശീർഷകങ്ങളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയില്ല, തൻമൂലം 13,89,824/-രൂപ തനത് വരുമാനമായി മാറി.

1-1-10 1,40,000/-രൂപ Liability In Respect Of Stale Cheque ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കിയില്ല.

ചെക്ക് നം 621075 തീ. 04/05/2022 പ്രകാരം വിതരണം ചെയ്ത 1,40,000/-രൂപ ക്യാഷ് ചെയ്യാത്തതിനെ തുടർന്ന് രസീത് നം 1220000268 തീയതി 17-01-2023 പ്രകാരം Liability In Respect Of Stale Cheque ശീർഷകത്തിൽ വരവ് രേഖപ്പെടുത്തി. ഈ തുക ട്രഷറി ബിൽ നം 34/20-03-2023 പ്രകാരം അക്കൗണ്ട് ശീർഷകം 2515-00-101-68-00-00-00-PV- ൽ നിന്നും ചെലവഴിക്കുകയും ചെയ്തു. എന്നാൽ Liability In Respect Of Stale Cheque ശീർഷകത്തിൽ ബാദ്ധ്യതയിൽ കുറവ് ചെയ്യുകയും പേയ്മെന്റ് വൌച്ചർ ക്യാൻസലാക്കുകയും ചെയ്തില്ല.

1-2 ബജറ്റ്

25/3/2022 ലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14/3/2023 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,65,55,915/-രൂപ |
| വരവ് | 6,92,09,743/-രൂപ |
| ആകെ | 7,18,65,658/-രൂപ |
| ചെലവ് | 4,30,78,387/-രൂപ |
| നീക്കിയിരിപ്പ് | 2,09,77,683/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 16,174/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,82,531/-രൂപ |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15462000/- | 15462000/- | 15429440/- | 35260/- |
| വികസന ഫണ്ട് - എസ്.സി.പി | 0 | 8922000/- | 8922000/- | 89220000/- | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0/- | 0/- | 0/- | 0/- |
| മെയിന്റനൻസ്, റോഡ് | 0 | 5792000/- | 5792000/- | 1652110/- | 4139890/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5887000/- | 587000/- | 5070124/- | 816876/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank) | 1947723/- | 3971000/- | 5918723/- | 4188766/- | 1729957/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 562381 | 3441903/- | 4004284/- | 2280892/- | 1723392/- |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (Untied-Bank) | | | (2647000+ 158903-Int + 636000 Refund) | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury | | 0 | 566275/- | 566275/- | 487860/- | 78415/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) | | 0 | 79760/- | 79760/- | 79760/- | 0/ |
| സംസ്ഥാനാവിഷ്കൃതഫണ്ടുകൾ | | | | | | |
| ശുചിത്വ മിഷൻ (മഴക്കാലപൂർവ ശുചീകരണം) | | 0 | 140000/- | 140000/- | 140000/- | 0 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | | 6570000/- | 700000/- | 7270000/- | 4510000/- | 2760000/- |
| ബഡ്സ് സ്കൂൾ | | 1250000/- | 0 | 1250000/- | 115682/- | 1134318/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 49413059/- | 49413059/- | 49413059/- | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 0/- | 1425293/- | 1425293/- | 1425293/- | 0/- |
| ഐ.സി.ഡി.എസ് | | 1480929/- | 1354676/- | 2835605/- | 1500000/- | 1335606/- |
| TSC (സ്വച്ഛ് ഭാരത് മിഷൻ പി ബി ഐ ജി) | | 1926483/- | 12216/- | 1938699/- | 112909/- | 1825790/- |
| സ്വച്ഛ് ഭാരത് മിഷൻ (ഫേസ് 111) | | 0 | 1560000/- | 1560000/- | 1560000/- | 0 |
| ഹെൽത്ത് ഗ്രാന്റ് – ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | | 0/- | 173295/- | 173295/- | 149733/- | 23562/- |
| ഹെൽത്ത് ഗ്രാന്റ് – സബ് സെന്റർ | | 0/- | 136510/- | 136510/- | 35000/- | 101510/- |
| പശ്ചിമഘട്ടം - | | 727074/- | 21310/- | 748384/- | 590/- | 747794/- |
| ജെ പി പി | | 64372/- | 2897/- | 67269/- | 0 | 67269/- |
| പെൻഷൻ | | 22581/- | 642/- | 23223/- | 0 | 23223/- |

സി എഫ് സി കണക്കുകളിലെ അപാകത 2021-22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-21 ലും 2022-23 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-1-06 ലും വ്യക്തമാക്കിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ(രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(രൂപ) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 162 | 12,22,26,275/- | 152 | 5,63,19,834/- | 0 | 10 | 45.4% |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 14,25,293/- | 14,25,293/- | 14,25,293/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 4,94,13,059/- | 4,94,13,059/- | 4,94,13,059/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 33,43,200/- |
| വിധവാപെൻഷൻ | 1,15,90,200/- |
| വാർദ്ധക്യകാലപെൻഷൻ | 1,99,17,000/- |
| വികലാംഗപെൻഷൻ | 27,88,200/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 1,58,800/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90,000/- |
| തൊഴിലില്ലായ്മ വേതനം | 61,800/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2023 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,573/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ILGMS സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. വരവ് തുക കൃത്യമായി പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ അധികമായി തുക ചെലവഴിച്ച സാഹചര്യം ഉണ്ട്. മരുന്നുകൾ യഥാസമയം തന്നെ ലഭ്യമാക്കാനുള്ള തുടർനടപടികൾ അനിവാര്യം. പഞ്ചായത്ത് ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല (റിപ്പോർട്ടിലെ 3-ാം ഭാഗത്തിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.). ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കുന്നതിനും അഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21/11/2022 | 07/2022 - 09/2022 | 30/11/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04/05/2019 | 2012-13 - 2016-17 | 08/06/2019 |

1-11 പണം പിൻവലിക്കൽ പരിശോധനയിൽ കണ്ട അപാകതകൾ

1. ILGMS ൽ പേയ്മെന്റ് ഓർഡർ അംഗീകരിക്കുന്നതിന് മുമ്പ് ബാങ്കിൽ നിന്നും പണം പിൻവലിക്കുന്ന - ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് | പണം പിൻവലിച്ച തീയതി | തുക (രൂപ) | ILGMS വൗച്ചർ നം | തീയതി |
|---|---|---|---|---|
| Union Bank 009022010000533 | 21/04/2023 | 75,819/- | വൗച്ചർ ജനറേറ്റ് ചെയ്തിട്ടില്ല | |
| Union Bank 009022010000535 | 21/04/2023 | 24,180/- | വൗച്ചർ ജനറേറ്റ് ചെയ്തിട്ടില്ല | |
| SCB 4654 | 31/05/2023 | 3,000/- | 22300252 | 25/07/2023 |
| | 23/06/2023 | 5,000/- | 22300239 | 13/07/2023 |

2. സിവിൽ ജനന മരണ രജിസ്ട്രേഷൻ – ബാങ്ക് വരവ് – തെറ്റായി രസീത് നൽകുന്നു.

2023-24 സാമ്പത്തിക വർഷം 30/06/2023 വരെ 5,243/-രൂപ 12300001 മുതൽ 123000072 വരെയുള്ള രസീത് പ്രകാരം IDBI ബാങ്ക് അക്കൗണ്ടിന്റെ (0737101000133777) ബാങ്ക് ബുക്കിലാണ് വരവ് രേഖപ്പെടുത്തിയത്. എന്നാൽ പ്രസ്തുത തുക ഇ-പേയ്മെന്റ് അക്കൗണ്ടിലാണ് (SBI 37159276340) വരവ് വന്നത്

മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 ലേലകുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു.

ലേല രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് മുൻവർഷങ്ങളിൽ നടത്തിയ ലേലത്തിൽ പങ്കെടുത്ത് ലേലം പിടിച്ച വ്യക്തികൾ ലേലതുക കൃത്യമായി ഒടുക്കു വരുത്താതെ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേല ഇനം | ലേലം പിടിച്ച വ്യക്തിയുടെപേര് | കുടിശ്ശിക |
|---|---|---|---|
| 1 | മാട്ടിറച്ചി സ്റ്റാൾ | മുജീബ്,<br>ചരുവിള പുത്തൻവീട്,<br>ഏരൂർ, മണലിൽ | *4,77,301/-<br>(പലിശ ഉൾപ്പടെ) |
| 2 | മാട്ടിറച്ചി സ്റ്റാൾ | വിജയൻ,<br>വിശാഖ് ഭവൻ,<br>കോടാന്നൂർ | **95,920/-<br>(പലിശ ഉൾപ്പടെ) |

* 19-04-2021 ലെ Req No.2021/1339/02 പ്രകാരമുള്ള RR നോട്ടീസ് (2020-21 ലെ കുടിശ്ശിക – 4,05,000/-രൂപ)

** 23-02-2018 ലെ Req No.2018/2622/02 പ്രകാരമുള്ള RR നോട്ടീസ് (2016-17 ലെ കുടിശ്ശിക – 71,000/-രൂപ)

മേൽ വിഷയം സംബന്ധിച്ച് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നം - 02/8-8-2023) മറുപടിയിൽ ലേലകുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തിയിൽ നിന്നും തുക ഈടാക്കുന്നതിനായി ഓൺലൈൻ RR നടപടികൾ ആരംഭിച്ചിട്ടുള്ളതായി അറിയിച്ചു. നാളിതുവരെ തുക ഒടുക്കിയിട്ടില്ലാത്ത സ്ഥിതിയ്ക്ക് കുടിശ്ശിക പുനർനിർണ്ണയിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ കുടിശിക

2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ BSNL ൽനിന്നുള്ള സ്ഥാപനതൊഴിൽ നികുതി ഇനത്തിൽ പലിശ ഉൾപ്പടെ ആകെ 19,542/-രൂപ കുടിശികയുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് തുക ഈടാക്കുന്നതിനായി RR നടപടികൾ സ്വീകരിച്ചതായി മറുപടി ലഭ്യമാക്കി. കുടിശിക ഒടുക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-14 മരാമത്ത് പ്രവൃത്തി - അധികബിൽ തുക നൽകി - 13,150/-രൂപയുടെ ചെലവ്

അംഗീകരിക്കുന്നില്ല.

പ്രോജക്ട് നം. - 25/22-23 പഞ്ചായത്ത് ഓഫീസ് നവീകരണം – രണ്ടാം ഘട്ടം (സ്പിൽ ഓവർ)
നിർവ്വഹണാധികാരി – അസിസ്റ്റന്റ് എഞ്ചിനീയർ
ടി.എസ് നം. – 85152/21-22
അടങ്കൽ തുക : 18,00,000/-രൂപ (തനത് ഫണ്ട്)
ചെലവ് : 15,67,905/-രൂപ (റിക്വിസിഷൻ നം.503311360122016/14.9.22: 5,60,782/-രൂപ; റിക്വിസിഷൻ നം. 503311360122017/3.10.22: 5,80,293/-രൂപ; റിക്വിസിഷൻ നം. 503311360122069/21.3.23 : 4,26,830/-രൂപ)
കരാറുകാരൻ : ശ്രീ.ജിജോ ജെ.എസ്
കരാർ നം. – 67/AE/LID&EW/ALN/21-22 Dtd 30.3.22
എം ബുക്ക് നം - 167/22
പദ്ധതിയുടെ പ്രാഥമിക അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തുക ₹16,06,681.8/-(പി.എ.സി) ആയിരുന്നു. കരാറുകാരൻ ശ്രീ.ജിജോ ജെ.എസ് ഇ-ടെണ്ടർ ആയി ക്വോട്ടുചെയ്ത തുക 13,88,000/-രൂപ (13.61% കുറഞ്ഞ നിരക്ക്). എന്നാൽ തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിൽ (പി.എ.സി) 15,25,177.48/-രൂപയായി കുറവുവരുത്തിയിരുന്നു. ആയതുപ്രകാരം കരാറുകാരന് പരമാവധി അനുവദനീയമായ ബിൽതുക 1317589 + 18% GST = 15,54,755/-രൂപയായി പരിമിതപ്പെടുത്തണമായിരുന്നു (13,88,000 / 16,06,681.8 X 15,25,177.48). എന്നാൽ 18% GST ഉൾപ്പടെ മേൽ പരാമർശിച്ച വിധത്തിൽ 15,67,905/-രൂപ കരാറുകാരന് നൽകി കാണുന്നു. 13,150/-രൂപയുടെ അധിക ചെലവുണ്ടായി.
അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.17/16.8.23 ന് മറുപടിയായി കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ കരാർ നിരക്കിലുള്ള മൂല്യം കണക്കാക്കി 18% GST ചേർത്ത് നൽകുകയാണ് ചെയ്തതെന്ന് അസി.എഞ്ചിനീയർ വിശദീകരിച്ചു. കരാറുകാരൻ കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ പ്രവൃത്തി ഇനങ്ങൾ പൂർണ്ണമായും ഒഴിവാക്കുകയോ അളവിൽ കുറവുവരുത്തുകയോ ചെയ്യുകയും കൂടിയ നിരക്ക് രേഖപ്പെടുത്തിയ ഇനങ്ങളുടെ അളവിൽ വർദ്ധനവ് വരുത്തുകയോ ഒഴിവാക്കുകയോ ചെയ്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി, ടെണ്ടർ കുറവ് കണക്കിലെടുക്കാതെ ബിൽ തുക അനുവദിക്കുകയാണ് ഉണ്ടായത്. ജി.ഒ(പി) 3/2017/PWD/09.08.17 (Standard Bid Document) Part II 39.5.7 പ്രകാരം അസി.എഞ്ചിനീയറുടെ നടപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ 13,150/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 17/17.08.23
നിരാകരിക്കുന്ന തുക – 13,150/-രൂപ

1-15 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിലും അധികമായി 29 മനുഷ്യദിനങ്ങൾ അനുവദിച്ചത് മൂലം 9,019/-രൂപയുടെ അധിക ചെലവ്.

ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ തൊഴിലുറപ്പ് പ്രവൃത്തികളിൽ താഴെ ചേർക്കുന്ന പ്രവൃത്തിയുടെ മെഷർമെന്റ് ബുക്ക് / മസ്റ്റർ റോൾ രേഖപ്പെടുത്തൽ പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിലും അധികമായ മനുഷ്യദിനങ്ങൾ അനുവദിച്ചാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത് എന്നത് വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ പേര് - തെക്കേഭാഗം – ചെറുകിടനാമമാത്ര കർഷകരുടെ ഭൂമി തട്ടുകളായി തിരിക്കുന്നു

എ) എസ്റ്റിമേറ്റ്/ മെഷർമെന്റ് ബുക്ക് പ്രകാരമുള്ള ചെലവ്

വർക്ക് കോഡ് – Wc459785

Ts.No - 1613001001/2021-22 Wc 459785/TS Dt 16/04/2022

TS Amount - 2,61,944/-

പ്രവൃത്തി കാലയളവ് - 25/02/2022 – 23/07/2022

MB.No 75/2021-22

| | എസ്റ്റിമേറ്റ് പ്രകാരം | | | മെഷർമെന്റ് ബുക്ക് പ്രകാരം | | |
|---|---|---|---|---|---|---|
| ഐറ്റം | അളവ് | നിരക്ക് | തുക(രൂപ) | അളവ് | തുക (രൂപ) | അധികമായി ചെയ്ത പ്രവൃത്തി മൂല്യം |
| I – മനുഷ്യ ദിനം 291/- രൂപ നിരക്കിൽ | | | | | | |
| സൈറ്റ് ക്ലിയറിംഗ് 80. TMC3 | 1288 | 6.61 | 8,508.53/- | 1287 | 8,501.92/- | പേജ് – 1 |
| എർത്ത് വർക്ക് 80.TMA 1.2.1 | 257.6 | 255.32 | 65,771.2/- | 257.37 | 65,712.48/- | പേജ് – 2 |
| ഷാർപനിങ് ചാർജ്ജ് | | | 2,550/- | | 2,550/- | പേജ് – 7 |
| ഡിസ്പ്ലേ ബോർഡ് | | | 0 | | | |
| ആകെ | | | 76,830/- | | | |
| II – മനുഷ്യ ദിനം 311/- രൂപ നിരക്കിൽ | | | | | | |
| സൈറ്റ് ക്ലിയറിംഗ് 80.TMC3 | 2862 | 7.06 | 20,205.72/- | 3007.8 | 21,235.07/- | പേജ് – 3 |
| എർത്ത് വർക്ക് 80.TMA1.2.1 | 572.4 | 272.87 | 1,56,191.6/- | 601.48 | 1,64,125.85/- | പേജ് – 4 |
| ഷാർപനിങ് ചാർജ്ജ് | | | 5,717/- | | | |
| ഡിസ്പ്ലേ ബോർഡ് | | | 3,000/- | | 3,000/- | |
| ആകെ | | | 1,85,144/- | | | |
| ആകെ I + II | | | 2,61,944/- | | 2,65,125/- | |
| അധികമായി ഉൾപ്പെടുത്തിയ ഷാർപ്പനിങ് ചാർജ്ജ് | | | - 5,717/- | | | |
| ആകെ അനുവദിച്ച തുക | | | 2,56,227/- | | 2,65,111/- | |

എസ്റ്റിമേറ്റ് പ്രകാരം അനുവദനീയമായ തുക = ₹2,56,227/-

എസ്റ്റിമേറ്റ് പ്രകാരം അനുവദനീയമായ മനുഷ്യദിനം – 822 ( 255 @ 291, 567 @ 311 )
മസ്റ്റർ റോൾ പ്രകാരം അനുവദിച്ച കൂലി = 255 @ 291 + 596 @ 311 = 74,205 + 1,85,356 = ₹2,59,561/-

മസ്റ്റർ റോൾ പ്രകാരം 2,65,111/- രൂപ വിതരണം ചെയ്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | മസ്റ്റ് റോൾ / പേയ്മെന്റ് തീയതി | തുക(രൂപ) | FTO Number | തുക (രൂപ) |
|---|---|---|---|---|
| 2021-22 ലെ മസ്റ്റ് റോൾ | | | | |
| 1 | 66722/09-03-2022 | 9,331/- | 090322FTO1512654 | 2,709/- |
| 2 | 66723/09-03-2022 | 7,525/- | 090322APBFTO1512751 | 14,147/- |
| 3 | 66724/09-03-2022 | 1,505/- | 090322APBFTO1512861 | 1,505/- |
| | | 18,361/- | | 18,361/- |
| 4 | 66725/16-03-2022 | 11,438/- | 160322FTO1550954 | 3,311/- |
| 5 | 66726/16-03-2022 | 1,505/- | 160322APBFTO1550986 | 9,030/- |
| | | | 160322APBFTO1551025 | 602/- |
| | | 12,943/- | | 12,943/- |
| 6 | 70285/23-03-2022 | 7,224/- | 230322FTO1603891 | 2,709/- |

| | | | | |
|---|---|---|---|---|
| 7 | 70286/23-03-2022 | 5,418/- | 230322APBFTO1603989 | 301/- |
| | | | 230322APBFTO1603942 | 9,632/- |
| | | 12,642/- | | 12,642/- |
| 8 | 71593 /26-03-2022 | 5,719/- | 260322APBFTO1634567 | 4,515/- |
| 9 | 71594 /26-03-2022 | 602/- | 260322FTO1634415 | 1,806/- |
| | | 6,321/- | | 6,321/- |
| 10 | 73183 /30-03-2022 | 8,428/- | 300322FTO1656866 | 4,214/- |
| 11 | 73184 /30-03-2022 | 5,719/- | 300322APBFTO1656925 | 11,438/- |
| 12 | 73185 /30-03-2022 | 6,923/- | 300322FTO1656957 | 3,913/- |
| 13 | 73186 /30-03-2022 | 3,311/- | 300322APBFTO1656975 | 4,816/- |
| | | 24,381/- | | 24,381/- |
| 14 | 73845 /31-03-2022 | 2,107/- | 310322FTO1666327 | 301/- |
| | | | 310322APBFTO1666343 | 1,204/- |
| | | | 310322APBFTO1665830 | 301/- |
| | | | 060422FTO13654 | 301/- |
| | | 2,107/- | | 2,107/- |
| 2021-22 ലെ ചെലവ് 76,755/- | | | | |
| 2022-23 ലെ മസ്റ്റർ റോൾ | | | | |
| 1 | 6102 /27-06-2022 | 17,105/- | 270622FTO186602 | 6,842/- |
| 2 | 6103/ 27-06-2022 | 12,129/- | 270622APBFTO186615 | 36,076/- |
| 3 | 6104/27-06-2022 | 13,684/- | | |
| | | 42,918/- | | 42,918/- |
| 4 | 7698 /02-07-2022 | 13,995/- | 020722FTO206781 | 4,976/- |
| 5 | 7699 /02-07-2022 | 10,885/- | 020722APBFTO206828 | 30,478/- |
| 6 | 7700 /02-07-2022 | 9,019/- | | |
| 7 | 7701 /02-07-2022 | 1,555/- | | |
| | | 35,454/- | | 35,454/- |
| 8 | 9016 /13-07-2022 | 17,105/- | 130722FTO251766 | 6,220/- |
| 9 | 9017 /13-07-2022 | 11,196/- | 130722APBFTO251815 | 34,521/- |
| 10 | 9018 /13-07-2022 | 12,440/- | | |
| | | 40,741/- | | 40,741/- |
| 11 | 10298 /19-07-2022 | 14,306/- | 190722FTO276249 | 5,287/- |
| 12 | 10299 /19-07-2022 | 9,641/- | 190722APBFTO276506 | 28,923/- |
| 13 | 10300 /19-07-2022 | 8,708/- | | |
| 14 | 10301 /19-07-2022 | 1,555/- | | |
| | | 34,210/- | | 34,210/- |
| 15 | 11347 /23-07-2022 | 13,373/- | 230722FTO294222 | 6,531/- |
| 16 | 11348 /23-07-2022 | 9,641/- | 230722APBFTO294232 | 25,502/- |
| 17 | 11349 /23-07-2022 | 7,464/- | | |
| 18 | 11350 /23-07-2022 | 1,555/- | | |

| | | | | |
|---|---|---|---|---|
| | | 32,033/- | | 32,033/- |
| | 672/ 11-08-2022 | 3,000/- | 0121EATPAYREQ19092022 | |
| | 2022-23 Expense | 1,88,356/- | | |
| Total Expense | | 2,65,111/- | | |
| | | | | |

എസ്റ്റിമേറ്റ് പ്രകാരം 291 രൂപ നിരക്കിൽ അനുവദനീയമായ മനുഷ്യ ദിനം = 74279.45/291 = 255

എസ്റ്റിമേറ്റ് പ്രകാരം 311 രൂപ നിരക്കിൽ അനുവദനീയമായ മനുഷ്യ ദിനം = 176396.451/311 = 567

ആകെ അനുവദനീയമായ മനുഷ്യ ദിനം = 822

മസ്റ്റർ റോൾ പ്രകാരം 291 രൂപ നിരക്കിൽ അനുവദിച്ച മനുഷ്യ ദിനം = 255

മസ്റ്റർ റോൾ പ്രകാരം 311 രൂപ നിരക്കിൽ അനുവദിച്ച മനുഷ്യ ദിനം = 596

ആകെ അനുവദിച്ച മനുഷ്യ ദിനം = 851

29 മനുഷ്യ ദിനം 311 രൂപ നിരക്കിൽ അധികമായി അനുവദിച്ചത് മൂലം ഉണ്ടായ അധിക ചെലവ് = 9,019/-രൂപ

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/2022-23) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 9,019/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം - 10/22-23/ 14.08.23
തടസ്സപ്പെടുത്തിയ തുക - 9,019/-രൂപ

1-16 സബ്സിഡി നിബന്ധന മറികടക്കാൻ പ്രോജക്റ്റിൽ ഉൾപ്പെടുത്താതെ 17,100/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു - ചെലവ് തടസ്സപ്പെടുത്തുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നം 22/2018 ത.സ്വ.ഭ.വ തീയതി – 14/02/2018 ഖ 3.5 പ്രകാരം അഞ്ച് കോഴിക്കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റിന്റെ കോസ്റ്റ് ഇനത്തിൽ ചെലവഴിക്കാവുന്നത് 600/-രൂപയാണ്. എന്നാൽ പ്രസ്തുത നിബന്ധന മറികടക്കുന്നതിനായി ഒരു യൂണിറ്റിന് 600/-രൂപയിൽ അധികമാകുന്ന ചെലവ് തുക പ്രോജക്റ്റിന്റെ ഭാഗമാക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ -

1. വെറ്ററിനറി സർജൻ (2021-22 സാമ്പത്തിക വർഷം - പ്രോജക്റ്റ് മുഖേന)

2. സെക്രട്ടറി - (2022-23 സാമ്പത്തിക വർഷം തനത് ഫണ്ട് വൗച്ചർ മുഖേന)

| പ്രോജക്റ്റ് | ബിൽ. നം/ചെക്ക് നം - തീയതി | തുക (രൂപ) |
|---|---|---|
| 21/2021-22 – മുട്ടക്കോഴി വിതരണം വനിത (ജനറൽ) | 3/14 10.2021 | 4,99,800/- |
| പോജക്റ്റ് നമ്പർ – 22/2021-22<br>മുട്ടക്കോഴി വിതരണം വനിത (എസ്.സി.പി) | 21/14.10.2021 | 3,00,150/- |
| ഗുണഭോക്തൃവിഹിതം | 24606/23-11-2021 | 69,450/- |
| 2021-22 ലെ ആകെ പ്രോജക്റ്റ് ചെലവ് | | 8,69,400/- |
| 2022-23ൽ ട്രാൻസ്പോർട്ടേഷൻ<br>ഇനത്തിൽ പ്രോജക്റ്റിൽ ഉൾപ്പെടുത്താതെ അനുവദിച്ച തുക | 24653/23-12-2022 | 17,100/- |
| ആകെ ചെലവ് | | 8,86,500/- |

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നം 22/2018 ത.സ്വ.ഭ.വ തീയതി – 14/02/2018 ഖ 3.5 പ്രകാരം കെപ്കോ -ക്ക് അനുവദിക്കാവുന്ന തുക

| കെപ്കോ വിതരണം ചെയ്ത കോഴികളുടെ എണ്ണം | |
|---|---|
| തീയതി | എണ്ണം |
| 17-12-2021 | 1498 |
| 20-02-2022 | 2120 |
| 11-04-2022 | 1650 |
| 27-08-2022 | 1977 |
| ആകെ | 7245 |
| യൂണിറ്റ് | 1449 |
| അനുവദിക്കാവുന്ന തുക | 8,69,400/-രൂപ |
| അനുവദിച്ച തുക | 8,86,500/-രൂപ |
| അധികമായി അനുവദിച്ച തുക | 17,100/-രൂപ |

സബ്സിഡി നിബന്ധന മറികടന്ന് പ്രോജക്ടിൽ ഉൾപ്പെടുത്താതെ 17,100/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (08/2022-23) ക്ക് അധികമായി നൽകിയ 17,100/- രൂപ സബ്സിഡിയായി പരിഗണിക്കേണ്ടതില്ലെന്നും ആയത് പദ്ധതിയുടെ ആസൂത്രണ – നിർവഹണ ചെലവിൽ പരിഗണിക്കാവുന്നതാണ് എന്നും മറുപടി നൽകി. എന്നാൽ കോഴിക്കുഞ്ഞുങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ ചെലവഴിക്കുന്ന തുക യൂണിറ്റ് കോസ്റ്റിൽ നിന്നും ഒഴിവാക്കി പദ്ധതിയുടെ ആസൂത്രണ – നിർവഹണ ചെലവിൽ ഉൾപ്പെടുത്താവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്ന വ്യക്തമായ രേഖ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 08/2022-23

തടസ്സപ്പെടുത്തിയ തുക – 17,100/- രൂപ

1-17 ലൈബ്രറി കെട്ടിട പുനരുദ്ധാരണം - പദ്ധതി ഫലപ്രാപ്തി കൈവരിച്ചില്ല. 4,10,321/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. – 97/23 അലയമൺ വായനശാല നവീകരണം

നിർവ്വഹണാധികാരി – അസിസ്റ്റന്റ് എഞ്ചിനീയർ

ടി.എസ് നം. – 30984/2022

അടങ്കൽ തുക : 5,00,000/-രൂപ (Maintenance Fund-non Road)

ചെലവ് : 4,10,321/-രൂപ (ബിൽ നം.24/28.2.23)

കരാറുകാരൻ : ശ്രീ.മോഹനൻ പി.ആർ

കരാർ നം. : 19/AE/LID&EW/ALN/22-23 Dtd 31.12.22

അലയമൺ വായനശാല നവീകരണം എന്ന പദ്ധതി സംബന്ധമായി ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. അലയമൺ തപാൽ ഓഫീസ്, അങ്കണവാടി സെന്റർ നം. 25 എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന് മുകളിൽ ഉണ്ടായിരുന്ന 'GI Sheet Roofed Shed'ന്റെ നവീകരണ പ്രവർത്തനങ്ങളാണ് പദ്ധതി പ്രകാരം നടത്തിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ലൈബ്രറി കെട്ടിടമാണെന്നുള്ള നെയിം ബോർഡുകളൊന്നുംതന്നെ സ്ഥാപിച്ചിട്ടില്ല.

2. പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റിൽ Fan – 6 Nos, LED Lights – 10 Nos എന്നിവയും,

വൈദ്യുതീകരണത്തിനായി 20,000/-രൂപയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ Revised Estimate ൽ മേൽ പറഞ്ഞ ഇനങ്ങൾ ഒഴിവാക്കി. വൈദ്യുതീകരണവും നടത്തിയില്ല. കൂടാതെ അങ്കണവാടിക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിനായി കെട്ടിടത്തിന് മുന്നിലുള്ള കിണറിൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന 1 HP Pump ഉം സ്ഥാപിച്ചുകാണുന്നു. (കെട്ടിടത്തിലെ വൈദ്യുതി കണക്ഷൻ ഉപയോഗിച്ച്).

മേൽ പരാമർശിച്ച ഷെഡിൽ ചെറുതും വലുതുമായി 5 അലമാരകളിലായി പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ലൈബ്രറി പ്രവർത്തിക്കുന്നില്ല. ഷെഡ് അടച്ചുപൂട്ടിയനിലയിലുണ്ടായിരുന്നത് ഓഡിറ്റ് അവശ്യപ്പെട്ട പ്രകാരം തുറക്കുകയായിരുന്നു.

ഫുൾടൈം ലൈബ്രേറിയൻ തസ്തികയിൽ ഒരു ജീവനക്കാരൻ പഞ്ചായത്തിൽ നിന്നും ശമ്പളം കൈപ്പറ്റുന്നുവെങ്കിലും ലൈബ്രേറിയൻ എന്ത് ജോലി ചെയ്യുന്നുവെന്നതിൽ വ്യക്തതയില്ല. പദ്ധതി വിഭാവനം ചെയ്ത പ്രകാരമുള്ള വൈദ്യുതീകരണം ഉൾപ്പടെയുള്ള പ്രവൃത്തികൾ ചെയ്യാതിരുന്നത് ലൈബ്രറിയുടെ പ്രവർത്തനം തടസ്സപ്പെടുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 'Price 3' സോഫ്റ്റ് വെയറിൽ ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിക്കാനും ബിൽ തുക മാറി നൽകുവാനും ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് മാത്രമേ സാധിക്കുകയുള്ളുവെന്ന കാരണത്താലാണ് ഇപ്രകാരം സംഭവിച്ചതെന്ന് വിശദീകരിക്കപ്പെട്ടു.

4,10,321/-രൂപ ചെലവഴിച്ചിട്ടും പദ്ധതി ഫലപ്രാപ്തി കൈവരിച്ചില്ല എന്നതിനാൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് പദ്ധതി പൂർണ്ണലക്ഷ്യം കൈവരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 11/14.08.23

തടസ്സപ്പെടുത്തിയ തുക – 4,10,321/-രൂപ

1-18 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - 92,348/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ(രൂപ) | ചെലവുതുക (രൂപ) | ബിൽ നം./തീയതി | ഹോംകോയ്ക്ക് നൽകിയ തുക (രൂപ) | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 3/23 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നവാങ്ങൽ | 1,50,000/- (മെയി. ഫണ്ട്- റോഡിതരം) | 2,50,000/- | 20/22-23/ 9-11-22 | 1,50,000/- | 92,348/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മുൻഗണനാക്രമത്തിൽ മരുന്നുകൾ ഹോംകോയിൽ നിന്നും നൽകുന്നതാണെന്ന് അറിയിച്ചതായി മറുപടി നൽകി. ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ തുകയായ 92,348/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 4/11-8-23

തടസ്സപ്പെടുത്തിയ തുക - 92,348/ -രൂപ

1-19 മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ പ്രോജക്ട് - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - 8,13,110/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ/IHDB ൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | ആകെ അടങ്കൽ (₹) | ആകെ ചെലവു തുക (₹) | KMSCL-ന്/IHDB നൽകിയ തുക(₹) | (₹)ബിൽ നം./തീയതി | പെർഫോമ ഇൻവോയിസ് | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|---|
| 8/23 പി.എച്ച്.സിയിലേക്ക് മരുന്നവാങ്ങൽ | 11,00,000/- (മെയി.ഫണ്ട് നോൺ റോഡ് | 11,00,000/- | 5,00,000/-<br>6,00,000/- | 11/20.10.22<br>20/28.3.23 | PRF-939/ 5-8-22<br>PRF-5670/ 25.3.23 | 1,25,590/-<br>4,52,876/- |
| 21/23, പാലിയേറ്റീവ് കെയർ | | 4,54,440/- | 4,54,440/- | 14/23.12.22 | PRF2991/15.12.22 | 1,09,349/- |
| 154/23, അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ | | | 65,000/- IHDB | 16/31.1.23 | 10034/23 Dtd 18.1.23 | 65,000/- |
| 144/23 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യം ഒരുക്കൽ | | | 95,611/-<br>54,133/- IHDB | Pfms No-c02234-1681/28.2.23<br>PFMS-c032-5456/ 6-3-23 | Prf-4496/ 15.2.23<br>10370/23 | 42,475/-<br>17,820/- |
| | | | | | ആകെ | 8,13,110/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മരുന്നുകൾ ഉടനേ ലഭ്യമാക്കും എന്ന് അറിയിപ്പ് ലഭിച്ചതായി മറുപടി ഹാജരാക്കി. ആയതിനാൽ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതുവരെ ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക 8,13,110/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം : 5/11.8.23

തടസ്സപ്പെടുത്തുന്ന തുക - 8,13,110/-രൂപ

## 1-20 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 2,32,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി, ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കിനായും/മുൻകൂർ വിഹിതമായും തുക നൽകിയിട്ടുണ്ട്.

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/നമ്പർ | നിർവഹണ ഏജൻസി | ബിൽനം/ ചെക്ക് നം. മുൻകൂർ നൽകിയ തുക ₹ |
|---|---|---|---|
| 1 | ജീവനം – ഗ്രാമപഞ്ചായത്ത് വിഹിതം<br>പ്രോജക്ട് നം - 143/23<br>അടങ്കൽ - 1,00,000/-രൂപ (വികസനഫണ്ട്)<br>ചെലവ് - 1,00,000/-രൂപ | ജില്ലാ പഞ്ചായത്ത് | ബിൽ നം. 23/22-23 തീ 26-11-22 |
| 2 | 166/23<br>സ്ട്രീറ്റ് ടാപ്പ് കട്ടിംഗ് ചാർജ്<br>അടങ്കൽ – 1,32,000/-രൂപ (തനത് ഫണ്ട് )<br>ചെലവ് - 1,32,000/-രൂപ | കേരള വാട്ടർ അതോറിറ്റി | ചെക്ക് നം-024620/ 29-11-22 |

| | | | |
|---|---|---|---|
| | ആകെ - 2,32,000/- | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി 2,32,000/-രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ തീയതി.16/16-8-23
തടസ്സപ്പെടുത്തിയ തുക – 2,32,000/-രൂപ

1-21 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത 5,08,633/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (നം 703011400000036) താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക (രൂപ) |
|---|---|---|
| 58/23 | 3/29-12-2022 | 19,50,000/- വികസനഫണ്ട് (പൊതുവിഭാഗം)<br>ചെലവ് - 6,25,000/-വികസനഫണ്ട് (പൊതുവിഭാഗം) |
| | ആകെ | 6,25,000/- |

50 ക്ഷീരകർഷകരുടെ 4 മുതൽ 7 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് സബ്സിഡി അവസാനിക്കുന്നതു വരെ പകുതി വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കാനാണ് പദ്ധതി രൂപീകരിച്ച് തുക ഒടുക്കുവരുത്തിയത്. (സർക്കാർ വിഹിതം കൂടി പഞ്ചായത്ത് വഹിച്ചു.)
9-8-23 ലെ Assistant Director, Calf Feed Subsidy Scheme ന്റെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 1,16,367/-രൂപ വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ 5,08,633/-രൂപ ചെലവഴിയ്ക്കാൻ അവശേഷിയ്ക്കുന്നതായും, പദ്ധതി നിലവിലും തുടരുന്നു എന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത 5,08,633/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്
ഓഡിറ്റ് എൻക്വയറി നം - 6/23, തീ. 11.08.23

തടസ്സപ്പെടുത്തിയ തുക – 5,08,633/-രൂപ .

1-22 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ - 5 / 23
ചണ്ണപ്പേട്ട മാർക്കറ്റിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ
ആകെ അടങ്കൽ – 1,00,000/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)
ആകെ ചെലവ് - 84,170/-
ബിൽ നം - 340/24-3-23
ചണ്ണപ്പേട്ട മാർക്കറ്റിൽ എൽ.ഇ.ഡി മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം ഇ-ടെൻഡർ നടപടിക്രമങ്ങളിലൂടെ ശ്രീ. സതീഷ് കുമാർ, ശ്രീവിശാഖം, തേവലപ്പുറം എന്ന വ്യക്തിക്ക് ടെൻഡർ നൽകിയിട്ടുള്ളതും, കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം 23.2.23-ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പദ്ധതിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് – സീരിയൽ നമ്പർ 1.02, ടെണ്ടർ നമ്പർ C1-503/2022 Dtd 12-12-2022, എം ബുക്ക് രേഖപ്പെടുത്തൽ പേജ് നമ്പർ 4. ( M.BOOK NO-1/23) 1.02 എന്നിവ പ്രകാരം Supply Conveyance, Installation Testing And Commissioning Of 120 Watts Single Piece LED Flood Light Fitting Suitable For Roadways Installation With Pressure Die Cast Aluminium Housing Corrosion Resistancs Powder Coating Using Nano Technology Natural Cooling System Etc-3 യൂണിറ്റ് എന്നതായിരുന്നു പ്രവൃത്തി. M.book പ്രകാരം ഡേറ്റ് ഓഫ് മെഷർമെന്റ് നടത്തിയിരിക്കുന്നത് 25-2-23 ലാണ്. സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം 10.2.23 ൽ പ്രവൃത്തി ആരംഭിക്കുകയും 23.2.23 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 27-2-23 ൽ സി -1- 503(1)/23 നമ്പർ പ്രകാരം പന്തളം എൻ.എസ്.എസ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന് ലൈറ്റിന്റെ ഗുണമേന്മ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനായി കത്ത് അയച്ചു. 1-3-2023 ലെ

പരിശോധനാ സർട്ടിഫിക്കറ്റ് പ്രകാരം പരിശോധിച്ച ഗുണമേന്മ ഉറപ്പിച്ച നൽകിയത് ക്രോപ്റ്റൺ ഗ്രീവ്സ് മോഡൽ - 150 Watt എൽ.ഇ.ഡി ലൈറ്റ് ആണ്. 120 Watt Led Flood Light ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം 150 Watt എൽ.ഇ.ഡി ലൈറ്റ് ഗുണമേന്മ പരിശോധനയ്ക്ക് നൽകിയ വൈരുദ്ധ്യം രേഖകൾ സഹിതം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, സ്ഥാപിയ്ക്കാൻ ഉദ്ദേശിയ്ക്കുന്ന ലൈറ്റിന്റെ സാമ്പിൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഹാജരാക്കാൻ നിർദേശിച്ച പ്രകാരം Crompton Made 150 Watt LED Flood Light ഓഫീസിൽ ഹാജരാക്കിയിരുന്നെന്നും, ലൈറ്റിന്റെ ഗുണമേൻമാ പരിശോധനയ്ക്ക് ശേഷം മാത്രമാണ് ബിൽ തുക നൽകിയിട്ടുള്ളത് എന്നും മറുപടി നൽകി. കൂടാതെ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയതിൽ 150 Watt LED Crompton Made ലൈറ്റുകൾ ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കി.

M.book, ബിൽ തുടങ്ങി പദ്ധതി നിർവഹണത്തിലെ എല്ലാ രേഖകളിലും 120 Watt Led Flood Light ഉപയോഗിച്ച് പ്രവർത്തി പൂർത്തീകരിച്ച എന്ന് രേഖപ്പെടുത്തുകയും, ഇതിൽ നിന്ന് വ്യത്യസ്തമായി പദ്ധതി നിർവഹണത്തിന് ശേഷം 150 Watts Flood Light ഗുണമേൻമാ പരിശോധനയ്ക്കയച്ച് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുള്ളതുമാണ്. മാത്രമല്ല 150 Watt LED Crompton Made ലൈറ്റുകൾ ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് മറുപടി ലഭ്യമാക്കുകയും ചെയ്തിരിയ്ക്കുന്നു. എസ്റ്റിമേറ്റ്, എം ബുക്ക്, ബിൽ എന്നിവ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി നൽകിയ ഇലക്ട്രിയ്ക്കൽ എൻജിനീയർ മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 9/2022-23, തീ. 14.08.23

1-23 അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് - 3,024/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നം. : 86/23

പദ്ധതി അടങ്കൽ : 3,50,000/-രൂപ (തനത് ഫണ്ട്)

ചെലവ് : 1,92,024/-രൂപ

കരാറുകാരൻ : ശ്രീ.ഷറഫുദ്ദീൻ

കരാർ നം. : 1/AE/LID&EW/ALN/VEH/22-23 Dtd.8.8.22

അസിസ്റ്റന്റ് എൻജിനീയർക്ക് വാടകയ്ക്ക് വാഹനം ലഭ്യമാക്കുന്നതിനുള്ള കരാർ പ്രകാരം വാഹനം ലഭ്യമാക്കിയിരുന്ന ശ്രീ.ഷറഫുദ്ദീൻ എന്ന കരാറുകാരന് പ്രതിമാസം 1500 കിലോമീറ്ററിന് 27,000/-രൂപയാണ് അനുവദിക്കാവുന്ന തുക. 3 മാസം ആകെ ഓടിയ ദൂരം 4500 കി.മീ ൽ അധികമായാൽ, അത്തരത്തിൽ അധികമായി വരുന്ന ദൂരത്തിന് 18/-രൂപ നിരക്കിലും അനുവദിക്കണമെന്നാണ് കരാർ വ്യവസ്ഥ. 3/23 മാസത്തെ തുകയായി 30,024/-രൂപ അനുവദിച്ചിട്ടുണ്ട്. (ബിൽ നം. 29800882/31.3.23). പ്രതിമാസ നിരക്കിലും അധികമായി 3,024/-രൂപ അനുവദിച്ചത് കണക്കാക്കിയതിന്റെ അടിസ്ഥാനം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/16.8.23ന് മറുപടിയായി, 1/23, 2/23 എന്നീ മാസങ്ങളിൽ അധികമായി ഓടിയ ദൂരം 12/22 മാസത്തിലെ കിലോമീറ്റർ കണക്കിൽ ക്രമീകരിച്ചുവെന്നും, സാമ്പത്തിക വർഷാവസാന മാസത്തെ (3/23) അധികം ഓടിയ 168 കി.മീ ദൂരത്തിന്റെ തുക മാത്രമാണ് അധികമായി നൽകിയതെന്നും അസി.എഞ്ചിനീയർ വിശദീകരിച്ചു.

ശ്രീ.ഷറഫുദ്ദീനുമായുള്ള കരാർ 8.8.22 മുതൽ ഒരു വർഷക്കാലയളവിലേക്കാണ്. ഇതനുസരിച്ച് 3/23, 4/23, 5/23 മാസങ്ങളിൽ ആകെ ഓടിയ ദൂരം 4500 കി.മീ കഴിഞ്ഞാലാണ് അധികം ഓടിയ ദൂരത്തിന് രൂപ 18/കി.മീ അനുവദിക്കാവുന്നത്. ഓഡിറ്റിന് ലഭ്യമാക്കിയ വാഹന ലോഗ്ബുക്ക് പ്രകാരം ആകെ ഓടിയ ദൂരം 3/23 മാസത്തിൽ 1668 കി.മീ, 4/23 ൽ 1064 കി.മീ, 5/23 ൽ 1653 കി.മീ (ആകെ 4385 കി.മീ) എന്നിങ്ങനെ ആയതിനാലും, പ്രോജക്ട് നം 143/24 പ്രകാരം 4/23, 5/23 എന്നീ മാസങ്ങളിൽ പരാമർശ കരാർ പ്രകാരം തന്നെ 27,000/-രൂപ നിരക്കിൽ കരാറുകാരന് നൽകിയിട്ടുള്ളതായി ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലും അസി.എഞ്ചിനീയറുടെ വിശദീകരണം അംഗീകരിക്കുന്നില്ല. 3,024/-രൂപ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 15/16.08.23

നിരാകരിക്കുന്ന തുക – 3,024/-രൂപ

1-24 ഭവനനിർമ്മാണ - പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1 | ലൈഫ് – ജനറൽ (29/2023)<br>മുസൈബ,<br>ഷാ മൻസിൽ, പുത്തയം | 3,00,000/- | 02/27-10-21<br>(40,000/-)<br>15/31-08-22<br>(1,60,000/-)<br>31/15-03-23<br>(1,00,000/-) | മേൽക്കൂര പൂർത്തിയായി |
| 2 | ലൈഫ് – എസ് സി (30/2023)<br>ഡി.കുഞ്ഞമ്മ,<br>ബിനുവിലാസം, ആനക്കുളം | 3,00,000/- | 05/03-11-21<br>(40,000/-)<br>04/12-08-22<br>(1,60,000/-)<br>28/14-02-23<br>(1,00,000/-) | ലിന്റിൽ വരെ പൂർത്തിയായി |
| 3 | അതിദരിദ്രർക്ക് ഭവനപുനരുദ്ധാരണം - എസ് സി (179/2023)<br>ലീല,<br>ആശാഭവൻ, തെക്കേഭാഗം | 50,000/- | 30/23-02-23<br>(50,000/-) | പ്രവൃത്തി പുരോഗമിക്കുന്നു |

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും തുടർനടപടികളും ഉണ്ടാകേണ്ടതാണ്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണവിവരം അറിയിക്കേണ്ടതുമാണ്.

## 1-25 പഞ്ചായത്ത് ലൈബ്രറി പ്രവർത്തനക്ഷമമല്ല - അടിയന്തിര ഇടപെടലുകൾ അനിവാര്യം

പ്രതിമാസം 28,057/-രൂപ നിരക്കിൽ ശമ്പളം കൈപ്പറ്റുന്ന ഒരു ഫുൾടൈം ലൈബ്രേറിയൻ ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ലൈബ്രറി വർഷങ്ങളായി നിർജ്ജീവാവസ്ഥയിലാണെന്ന് കാണുന്നു. വൈജ്ഞാനിക മേഖലയിലെ കാലാനുഗതമായ മാറ്റങ്ങൾക്കനുസൃതമായി പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനങ്ങൾ നവീകരിക്കുവാൻ പഞ്ചായത്തിന് കഴിയുന്നില്ലായെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. അംഗത്വരജിസ്റ്റർ പരിശോധിച്ചതിൽ 2006-07 വരെ മാത്രമേ അംഗത്വം രേഖപ്പെടുത്തിയിട്ടുള്ളൂ. അക്സഷൻ രജിസ്റ്റർ രേഖകൾ പ്രകാരം 1474 പുസ്തകങ്ങളാണുള്ളത്. 1997 മുതൽക്കുള്ള എൻട്രികളാണ് രജിസ്റ്ററിൽ ഉള്ളത്. ഓരോ വർഷവും സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുകയും അതിനനുസൃതമായി സ്റ്റോക്ക് കൃത്യമാക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ 1997 മുതൽ ഇത് പാലിക്കപ്പെടുന്നില്ല. 2007-08 വരെ മാത്രമാണ് പുസ്തകവിതരണം നടത്തിയതായി കാണുന്നത്. നിലവിൽ പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്ന കെട്ടിടത്തിൽ അടിസ്ഥാനസൗകര്യങ്ങൾ സജ്ജമല്ല. സ്ഥാപനത്തിന് നെയിംബോർഡ് സ്ഥാപിച്ചിട്ടില്ല. ഇതിൽ നിന്നുതന്നെ വായനശാലയുടെ പ്രവർത്തനങ്ങൾ വർഷങ്ങളായി തികച്ചും നിർജ്ജീവമായ അവസ്ഥയിലാണെന്നത് വ്യക്തമാണ്. ഒരു ഫുൾടൈം ലൈബ്രേറിയൻ നിലവിൽ പ്രതിമാസം 28,057/-രൂപ വേതനം കൈപ്പറ്റുന്നുവെങ്കിലും ലൈബ്രറി പ്രവർത്തനങ്ങൾ ഒന്നുതന്നെ നടക്കാത്തത് അതീവഗൗരവത്തോടെ ഭരണതലത്തിൽ ശ്രദ്ധിക്കേണ്ടതാണ്. ലൈബ്രറിയുടെ ഭൗതികസാഹചര്യങ്ങൾ ശക്തിപ്പെടുത്തിയും പത്രങ്ങൾ/ആനുകാലികങ്ങൾ തുടങ്ങിയവ ലഭ്യമാക്കിയും പുസ്തകശേഖരം വിപുലീകരിച്ചും കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തിയും പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 എം ജി എൻ ആർ ഇ ജി എസ് മെറ്റീരിയൽ വർക്ക് - സിമന്റ് വില - വെൻഡർക്ക് തുക അനുവദിക്കുന്നതിൽ വ്യത്യസ്ത രീതി അനുവർത്തിക്കുന്നു.

എം ജി എൻ ആർ ഇ ജി എസ് പ്രവൃത്തികളിൽ മെറ്റീരിയൽ വർക്ക് ഉൾപ്പെടുന്ന സന്ദർഭത്തിൽ മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിനായി കരാർ ഏറ്റെടുത്ത വെണ്ടർക്ക് സിമന്റ് ഒഴികെയുള്ള സാധന സാമഗ്രികൾക്ക് ക്വട്ടേഷനിൽ പ്രതിപാദിക്കുന്ന നിരക്ക് അനുവദിക്കുന്നു. എന്നാൽ സിമന്റിന് മാത്രം വ്യത്യസ്ത നിരക്കാണ് അനുവദിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് ഇനം | എസ്റ്റിമേറ്റ് തുക(രൂപ) / ടൺ | ക്വാട്ട് ചെയ്ത തുക (രൂപ) / ടൺ | വെൻഡർ സമർപ്പിച്ച ബിൽ പ്രകാരം ഉള്ള തുക (രൂപ) | അനുവദിച്ച തുക (രൂപ)/ ടൺ |
|---|---|---|---|---|
| പുത്തയം കളിസ്ഥലം നിർമ്മാണം<br>AU 277056 | 11,328/- | 11,090/- | 10,304/-<br>Bill No-56/3-6-22<br>ഉഷസ് അസോസിയേറ്റ്സ്<br>അർജ്ജുൻ അശോക് | 9,200/- |
| കടവറം മരുതിവിള റോഡ് കോൺക്രീറ്റ്<br>RC/345765 | 10,304/- | 10,303/- | 10,304/-<br>Bill No-7/05-05-2022<br>ഉഷസ് അസോസിയേറ്റ്സ്<br>അർജ്ജുൻ അശോക് | 9,200/- |
| അലയമൺ തോട് കലുങ്ക്<br>Fp 379524 | 10,304/- | 10,304/- | 10,100/-<br>ആമിന കൺസ്ട്രക്ഷൻ Bill No-30/12-12-23<br>ബദറുദ്ദീൻ കെ | 9,600/- |

സിമന്റിന് വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 ഹരിതകർമ്മസേന - വിവരശേഖരണം

| | | |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ പേര്/വാർഡുകളുടെ എണ്ണം | അലയമൺ<br>14 |
| 2 | ഓരോ പഞ്ചായത്തിലെയും കുടുംബങ്ങളുടെ എണ്ണം/സ്ഥാപനങ്ങളുടെ എണ്ണം/ആകെ ജനസംഖ്യ | 5074, 254, 20108 |
| 3 | ഹരിതകർമ്മസേനയിലെ അംഗങ്ങളുടെ എണ്ണം (വാർഡ്തല വിവരം) | 28 |
| 4 | വാർഡുകളിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ? | ഉണ്ട് |
| 5 | കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടോ | ഉണ്ട് |
| 6 | ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ക്രമീകരിക്കുകയും ക്ലീൻ കേരളയ്ക്ക് യഥാസമയം കൈമാറുകയും ചെയ്യുന്നുണ്ടോ? | ഉണ്ട്, പാണ്ടാസ് ഇക്കോ വേൾഡ് സൊല്യൂഷൻ |
| 7 | MCF കൾ RRF കൾ ഉണ്ടോ? | MCF 1, RRF ഇല്ല |
| 8 | MCF കളുടെ പ്രവർത്തനം ഫലപ്രദമോ? (വിശദവിവരം ചേർക്കുക) | അതെ |
| 9 | ബെയിലിംഗ്, ഷ്രെഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ? | ബെയിലിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാണ്. ഷ്രെഡിംഗ് യൂണിറ്റ് ഇല്ല |

| | | |
|---|---|---|
| 10 | ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനത്തിൽ പരിമിതികൾ ഉണ്ടോ? പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ സംവിധാനങ്ങൾ? | *യൂസർ ഫീ നൽകാൻ വിസമ്മതിക്കുന്നവരിൽ നിന്നും യൂസർ ഫീ ഈടാക്കാൻ ഹരിതകർമ്മസേനയ്ക്ക് കഴിയാതെ വരുന്നുണ്ട്. *പ്രവർത്തനം കാര്യക്ഷമമാക്കാൻ എല്ലാ സൗകര്യങ്ങളും പഞ്ചായത്ത് നൽകിയിട്ടുണ്ട്. (സുരക്ഷാ ഉപകരണങ്ങൾ, ട്രോളി മുതലായവ) |
| 11 | ഹരിതകർമ്മസേനാംഗങ്ങളുടെ ശരാശരി മാസവരുമാനം? വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നുണ്ടോ? | 12,000/- ഇല്ല |
| 12 | ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടർ പ്രകാരം നടക്കുന്നുണ്ടോ? മോണിറ്ററിംഗ് സംവിധാനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ നടത്തുക | ഉണ്ട്, കൺസോർഷ്യം മീറ്റിംഗ് കൂടുന്നുണ്ട്. എല്ലാ മാസവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗ് നടത്തി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നു. |
| 13 | ഹരിതകർമ്മസേനയുടെ വരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികൾ? ( ഉദാ: ജൈവമാലിന്യങ്ങൾ ഉപയുക്തമാക്കി ജൈവവളം ഉൽപ്പാദിപ്പിക്കുന്ന സംരംഭങ്ങൾ) | തുമ്പൂർമുഴി ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംരംഭക പരിശീലനം ഹരിതകർമ്മസേന അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| 14 | ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താൻ കൈക്കൊണ്ട നടപടികൾ | എല്ലാ സ്ഥാപനങ്ങളിലും പരിശോധന നടത്തി. നോട്ടീസ് നൽകി. ഹരിതകർമ്മസേന അംഗങ്ങൾക്ക് മാസം തോറും യൂസർ ഫീ നൽകി അജൈവ മാലിന്യം കൈമാറുന്നതിന് നിർദ്ദേശം നൽകി. |
| 15 | നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം/പൊതുനിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ - സ്വീകരിച്ച നടപടികൾ | ബോധവൽക്കരണത്തിനായി മൈക്ക് അനൗൺസ്മെന്റ്, നോട്ടീസ്, ലഘുലേഖകൾ എന്നിവ വിതരണം ചെയ്തു. സ്ഥാപന തലത്തിൽ മിന്നൽ പരിശോധനകൾ നടത്തി. നോട്ടീസ് നൽകി. |
| 16 | ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് നൽകിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ(വാഹനം, ഡ്രൈവിംഗ് പരിശീലനം, ഓഫീസ് സൗകര്യങ്ങൾ തുടങ്ങിയവ) എന്തൊക്കെ? | മികച്ച ഓഫീസ് സൗകര്യം, ഫാൻ, കുടിവെള്ളം, സോർട്ടിംഗ് ടേബിൾ, സ്റ്റൂൾ, കസേര, അത്യാധുനിക രീതിയിൽ നിർമ്മിച്ച വിശാലമായ MCF, കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് വാഹനം, ട്രോളികൾ, സുരക്ഷാ ഉപകരണങ്ങളായ ഗ്ലൗസ്, മാസ്ക്, യൂണിഫോം, റെയിൻ കോട്ട് |

അലയമൺ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും അജൈവ മാലിന്യ ശേഖരണത്തിന് ഹരിത കർമ്മ സേനയെ നിയോഗിച്ച് വാതിൽപ്പടി ശേഖരണം നടത്തി വരുന്നു. ആകെ 5074 വീടുകളിൽ വാതിൽ പടി ശേഖരണം നടത്തുന്നുണ്ട്. 578 വീടുകൾ സ്ഥിരമായി അടച്ചിട്ടിരിക്കുന്നവയാണ്. ബാക്കി 4496 വീടുകളാണ് ആക്റ്റീവായിട്ടുള്ളത്. കലണ്ടർ പ്രകാരം പ്ലാസ്റ്റിക് വസ്തുക്കൾ കൂടാതെ ഇ-മാലിന്യം, തുണികൾ, ചില്ലുകൾ, കാർഡ് ബോർഡ്, ബൾബുകൾ എന്നിവ ശേഖരിക്കുന്നു. യൂസർ ഫീ ഇനത്തിൽ വീടുകളിൽ നിന്ന് 50 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും ആണ് ഈടാക്കുന്നത്. അജൈവ മാലിന്യ ശേഖരണത്തിന്റെ പ്രാരംഭ ഘട്ടങ്ങളിൽ മോശമായ പ്രതികരണമാണ് പൊതുജനങ്ങളിൽ നിന്നും നേരിടേണ്ടി വന്നിരുന്നത്. ബോധവൽക്കരണ പരിപാടികളിലൂടെയും ജനപ്രതിനിധികളുടെ ഇടപെടലുകളിലൂടെയും പ്രചരണ

പരിപാടികളിലൂടെയും ക്രമേണ ഈ സമീപനത്തിന് മാറ്റം വരുന്നുണ്ട്. പ്രാരംഭഘട്ടത്തിലെ മോശമായ അവസ്ഥയിൽ നിന്നും വാതിൽ പടി ശേഖരണത്തിലും യൂസർ ഫീ ശേഖരണത്തിലും 100% ലക്ഷ്യം നേടിയ ജില്ലയിലെ ആദ്യ ഗ്രാമപഞ്ചായത്തായി അലയമൺ മാറി. ഹരിത കർമ്മ സേനയെ സഹായിക്കാനായി ഐആർടിസി എന്ന ഹരിതസഹായ സ്ഥാപനത്തെ നിയോഗിച്ചു. ജില്ലയിലെ മികച്ച കൺസോർഷ്യമായി അലയമൺ പഞ്ചായത്തിലെ ഹരിതകർമ്മസേന കൺസോർഷ്യത്തെ തിരഞ്ഞെടുത്തു.

ജില്ലയിൽ 100% യൂസർ ഫീ കളക്ഷൻ നേടിയ പഞ്ചായത്ത് എന്ന ബഹുമതി ജില്ലാ ശുചിത്വ മിഷനിൽ നിന്നും ലഭിച്ചു. കുടുംബശ്രീ ഏർപ്പെടുത്തിയ മികച്ച ഹരിതകർമ്മസേനയ്ക്കുള്ള അവാർഡ് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയിൽ നിന്നും ലഭിക്കുകയും ചെയ്തു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെട്ടതാക്കാൻ പഞ്ചായത്ത് ഏർപ്പെടുത്തിയ സംവിധാനങ്ങൾ

27 മിനി എംസിഎഫുകളും അത്യാധുനിക സംവിധാനങ്ങളോടെ നിർമ്മിച്ച ഒരു എംസിഎഫും പഞ്ചായത്തിനുണ്ട്. ബെയിലിംഗ് മെഷീൻ പ്രവർത്തനസജ്ജമാണ്. അജൈവമാലിന്യ ശേഖരണത്തിന് ഹരിതകർമ്മസേനയെ സഹായിക്കാൻ കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. നിലവിൽ സ്വന്തമായി വാഹനം വാങ്ങാനുള്ള പ്രോജക്ട് ഉണ്ട്.

ഹരിതകർമ്മസേനയ്ക്ക് സുരക്ഷ ഉപകരണങ്ങളായ ഗ്ലൗസ്, മാസ്ക് യൂണിഫോം, റെയിൻ കോട്ട് എന്നിവയും നൽകിയിട്ടുണ്ട്. അജൈവമാലിന്യ ശേഖരണം എളുപ്പമാക്കാൻ 14 വാർഡുകളിലേക്കും ട്രോളി വാങ്ങി നൽകിയിട്ടുണ്ട്. എംസിഎഫിലും ട്രോളി ഉപയോഗിക്കുന്നുണ്ട്. മിനി എംസിഎഫുകളിൽ നിന്നും എംസിഎഫിൽ എത്തിക്കുന്ന അജൈവമാലിന്യം തരംതിരിച്ച് പാണ്ടാസ് എക്കോ വേൾഡ് സൊല്യൂഷൻ കമ്പനിക്ക് കൈമാറുന്നു. പ്ലാസ്റ്റിക് വിറ്റു കിട്ടുന്ന തുകയും യൂസർഫീയും കൺസോർഷ്യം അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. അതിൽ 10% കൺസോർഷ്യം അക്കൗണ്ടിൽ നിലനിർത്തി ബാക്കിയുള്ള തുക ഓരോ ഹരിതകർമ്മസേന അംഗത്തിന്റെയും അക്കൗണ്ടുകളിലേക്ക് ശമ്പളമായി എത്തുന്നു. 2022 ജൂലൈ മാസമാണ് യൂസർ ഫീ കളക്ഷനും വാതിൽപ്പടി ശേഖരണവും 100% ആയത്. പിന്നീടുള്ള മാസങ്ങളിലും 100% നിലനിർത്തി പോകാൻ സാധിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയെ മെച്ചപ്പെടുത്താനും അജൈവ മാലിന്യ ശേഖരണം മെച്ചപ്പെടുത്താനുമുള്ള പഞ്ചായത്ത്തല നിർദ്ദേശങ്ങൾ

1. നിലവിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും 100 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. പ്ലാസ്റ്റിക് തീരെ ഇല്ലാത്ത വ്യാപാരസ്ഥാപനങ്ങൾക്ക് യൂസർഫീ കുറയ്ക്കുക.

2. ഹരിത കർമ്മ സേന അംഗങ്ങൾക്ക് റിഫ്രഷ്മെന്റ് പ്രോഗ്രാമുകളും കൗൺസിലിംഗ് ക്ലാസുകളും ഏർപ്പെടുത്തുക.

അലയമൺ ഗ്രാമപഞ്ചായത്തിൽ IRTC യെയാണ് ഹരിതസഹായ സ്ഥാപനമായി നിശ്ചയിച്ചിട്ടുള്ളത്. IRTC നൽകിയ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയാണ്.

ഹരിതസഹായ സ്ഥാപനത്തിന്റെ ( I R T C ) നിർദ്ദേശങ്ങൾ

1. വീടുകളിൽ നിന്നും ലഭിക്കുന്ന അജൈവ മാലിന്യങ്ങൾ കൃത്യമായി പരിശോധിച്ച് വാങ്ങാൻ ഹരിതകർമ്മസേന തയ്യാറാവുക. ലെഗസി മാലിന്യങ്ങൾ കുറയ്ക്കാൻ ഇതു വഴി സാധിക്കും.

2. ഓരോ ക്ലസ്റ്ററിനും വാതിൽപ്പടി ശേഖരണം നടത്തുന്ന ഹരിത കർമ്മ സേനാംഗങ്ങളുടെ പേര്, വാർഡ്, ക്ലസ്റ്റർ എന്നിവ മാലിന്യ ശേഖരണ ചാക്കുകളിൽ രേഖപ്പെടുത്തുക.

3. യൂസർ ഫീ വർദ്ധിപ്പിക്കുവാൻ ആവശ്യമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കുക.

4. യൂസർ ഫീ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 1496/2020 സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ വഴിയുള്ള ആനുകൂല്യങ്ങൾക്കും പരിശീലനങ്ങൾക്കും ഹരിതകർമ്മസേന സേവനം കൃത്യമായി സ്വീകരിക്കുന്നതിന്റെ തെളിവുകൾ നിർബന്ധമാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണം.

5. ഹരിതകർമ്മസേനയ്ക്ക് യൂസർ ഫീ നൽകാത്ത ആളുകളുടെ പേരു വിവരങ്ങൾ ഹരിത കർമ്മസേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ രേഖാമൂലം അറിയിക്കേണ്ടതാണ്. പ്രസ്തുത വ്യക്തികളിൽ നിന്നും

സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ നൽകുന്നതിന് ആവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

6. 1496/2020 സർക്കാർ ഉത്തരവ് പ്രകാരം ഹരിതകർമ്മസേനയുടെ യൂസർ ഫീ വർധിപ്പിക്കുന്നതിനായി ഓരോ വാർഡിലെയും ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ അതാത് വാർഡുകളിലെ മെമ്പർമാരുടെ നേതൃത്വത്തിൽ എഡിഎസ്, സിഡിഎസ് പ്രതിനിധികളെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കേണ്ടതും പ്രതിമാസ അവലോകനം നടത്തേണ്ടതും വാർഡ് തല അവലോകനങ്ങളുടെ വിശദാംശങ്ങൾ സിഡിഎസ്, എഡിഎസ് തലത്തിൽ ചർച്ച ചെയ്ത് മിനിട്ട്സ് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

7. മാലിന്യങ്ങൾ അശാസ്ത്രീയമായി നിർമാർജനം നടത്തുന്നവർക്കെതിരെയുള്ള ശിക്ഷ നടപടികൾ സംബന്ധിച്ചുള്ള ബോർഡുകൾ സ്ഥാപിക്കുക, നോട്ടീസ് തയ്യാറാക്കി നൽകുക.

8. അതിദരിദ്രർ, ആശ്രയ കുടുംബങ്ങൾ എന്നിവർക്ക് യൂസർ ഫീ ഇളവ് നൽകാവുന്നതാണ്. അവർക്കുള്ള യൂസർ ഫീ തദ്ദേശസ്വയംഭരണ സ്ഥാപനം പട്ടികയോടൊപ്പം ഹരിതകർമ്മസേന കൺസോർഷ്യത്തിന് നൽകേണ്ടതാണ്.

9. മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ കരാറിലേർപ്പെട്ട ഏജൻസി കൊണ്ടുപോകുന്നുവെന്നും തുക ലഭ്യമാക്കുന്നുണ്ടന്നും ഉറപ്പാക്കേണ്ടതാണ്.

10. ഹരിതകർമസേന കലണ്ടർ പ്രകാരംതന്നെ എല്ലാത്തരം മാലിന്യങ്ങളും ഏറ്റെടുക്കുന്നതിനും ക്രമമായ ഇടവേളകളിൽതന്നെ തരംതിരിച്ച് സജ്ജമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതും പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

യൂസർ ഫീ കളക്ഷൻ 2022/23

| മാസം | യൂസർ ഫീ (രൂപ) | ഹരിതകർമ്മസേനയ്ക്ക് ലഭിച്ച വേതനം (രൂപ) | കയറ്റി അയച്ച മാലിന്യത്തിൻറെ അളവ് |
|---|---|---|---|
| ഏപ്രിൽ | 1,29,230/- | 1,29,088/- | 1141 കിലോ (എം.എൽ.പി 2 ടൺ) |
| മെയ് | 1,22,950/- | 1,09,674/- | 1200 കിലോ |
| ജൂൺ | 1,73,430/- | 1,79,215/- | 2849 കിലോ |
| ജൂലൈ | 2,46,050/- | 2,08,780/- | 1931 കിലോ |
| ആഗസ്റ്റ് | 1,62,125/- | 1,68,000/- | (ലെഗസി 2700 കിലോ) |
| സെപ്റ്റംബർ | 1,57,580/- | 1,47,000/- | 1218 കിലോ |
| ഒക്ടോബർ | 1,51,770/- | 1,47,000/- | 2189 കിലോ |
| നവംബർ | 1,93,165/- | 1,93,761/- | (ലെഗസി 4080 കിലോ) |
| ഡിസംബർ | 2,00,155/- | 2,07,126/- | 1182 കിലോ |
| ജനവരി | 2,01,000/- | 1,92,224/- | 1226 കിലോ |
| ഫെബ്രുവരി | 2,09,760/- | 2,04,157/- | 1471 കിലോ |
| മാർച്ച് | 2,13,000/- | 2,36,939/- | 1350 കിലോ |

ബെയിലിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയില്ല

അലമൺ ഗ്രാമപഞ്ചായത്തിലെ 202-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പബ്ലിക് മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള എംസിഎഫിൽ ത്രീ ഫേസ് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി കെ.എസ്.ഇ.ബിയുടെ 5.1.23 ലെ Es-krn-88/23 നമ്പർ എസ്റ്റിമേറ്റ് പ്രകാരം 79,033/-രൂപ കെ.എസ്.ഇ.ബിയിൽ ഒടുക്കുവരുത്തി. 23.5.23 ലെ DB 2023-24/AE/ES-KRN-19 നം. യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം 10.5.23 ൽ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 14.8.23 ൽ ഓഡിറ്റ് ടീം അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ MCF ൽ ബെയിലിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് കണ്ടു. 10.5.23 ൽ ത്രീ ഫേസ് കണക്ഷൻ ലഭ്യമാക്കിയിട്ടും നാളിതുവരെ പ്രവർത്തനസജ്ജമാകാതിരുന്നത് ബന്ധപ്പെട്ടവരുടെ

ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. MCF ൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ ബെയിലിംഗിന് വിധേയമാക്കി വില്ക്കുന്ന സാഹചര്യം ഹരിതകർമസേനാംഗങ്ങളുടെ വരുമാനവർദ്ധനവിന് ഇടയാക്കുന്നതാണ്. 2021-22 ൽ പദ്ധതിനമ്പർ 139/22 പ്രകാരം 5,49,899/-രൂപ ചെലവാക്കി സ്ഥാപിച്ച ബെയിലിംഗ് യൂണിറ്റ് ഓഡിറ്റിന്റെ ഇടപെടലിന്റെ ഫലമായി 17.8.23 ൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മരാമത്ത് പ്രവൃത്തി - അധികബിൽതുക നൽകി - 13,150/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്റ്റ് നം. - 25/22-23 പഞ്ചായത്ത് ഓഫീസ് നവീകരണം – രണ്ടാം ഘട്ടം (സ്പിൽ ഓവർ)
നിർവ്വഹണാധികാരി – അസിസ്റ്റന്റ് എഞ്ചിനീയർ
ടി.എസ് നം. – 85152/21-22
അടങ്കൽ തുക : 18,00,000/-രൂപ (തനത് ഫണ്ട്)
ചെലവ് : 15,67,905/-രൂപ (റിക്വിസിഷൻ നം.503311360122O016/14.9.22: 5,60,782/-രൂപ; റിക്വിസിഷൻ നം. 503311360122O017/3.10.22: 5,80,293/-രൂപ; റിക്വിസിഷൻ നം. 503311360122O069/21.3.23 : 4,26,830/-രൂപ)
കരാറുകാരൻ : ശ്രീ.ജിജോ ജെ.എസ്
കരാർ നം. – 67/AE/LID&EW/ALN/21-22 Dtd 30.3.22
എം ബുക്ക് നം - 167/22
പദ്ധതിയുടെ പ്രാഥമിക അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം ടെന്റർ ഷെഡ്യൂൾ തുക ₹16,06,681.8/-(പി.എ.സി) രൂപ ആയിരുന്നു. കരാറുകാരൻ ശ്രീ.ജിജോ ജെ.എസ് ഇ-ടെന്റർ ആയി ക്വോട്ടുചെയ്ത തുക 13,88,000/-രൂപ (13.61% കുറഞ്ഞ നിരക്ക്). എന്നാൽ തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിൽ (പി.എ.സി) 15,25,177.48/-രൂപയായി കുറവുവരുത്തിയിരുന്നു. ആയതുപ്രകാരം കരാറുകാരന് പരമാവധി അനുവദനീയമായ ബിൽതുക 1317589 + 18% GST = 15,54,755/-രൂപയായി പരിമിതപ്പെടുത്തണമായിരുന്നു (13,88,000 / 16,06,681.8 X 15,25,177.48). എന്നാൽ 18% GST ഉൾപ്പടെ മേൽ പരാമർശിച്ച വിധത്തിൽ 15,67,905/-രൂപ കരാറുകാരന് നൽകി കാണുന്നു. 13,150/-രൂപയുടെ അധിക ചെലവുണ്ടായി.
അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.17/16.8.23 ന് മറുപടിയായി കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ കരാർ നിരക്കിലുള്ള മൂല്യം കണക്കാക്കി 18% GST ചേർത്ത് നൽകുകയാണ് ചെയ്തതെന്ന് അസി.എഞ്ചിനീയർ വിശദീകരിച്ചു. കരാറുകാരൻ കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ പ്രവൃത്തി ഇനങ്ങൾ പൂർണ്ണമായും ഒഴിവാക്കുകയോ അളവിൽ കുറവുവരുത്തുകയോ ചെയ്യുകയും കൂടിയ നിരക്ക് രേഖപ്പെടുത്തിയ ഇനങ്ങളുടെ അളവിൽ വർദ്ധനവ് വരുത്തുകയോ ഒഴിവാക്കുകയോ ചെയ്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി, ടെന്റർ കുറവ് കണക്കിലെടുക്കാതെ ബിൽ തുക അനുവദിക്കുകയാണ് ഉണ്ടായത്. ജി.ഒ(പി) 3/2017/PWD/09.08.17 (Standard Bid Document) Part II 39.5.7 പ്രകാരം അസി.എഞ്ചിനീയറുടെ നടപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ 13,150/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 17/17.08.23
നിരാകരിക്കുന്ന തുക – 13,150/-രൂപ

### 3-2 അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് - 3,024/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നം. : 86/23
പദ്ധതി അടങ്കൽ : 3,50,000/-രൂപ (തനത് ഫണ്ട്)
ചെലവ് : 1,92,024/-രൂപ
കരാറുകാരൻ : ശ്രീ.ഷറഫുദ്ദീൻ
കരാർ നം. : 1/AE/LID&EW/ALN/VEH/22-23 Dtd.8.8.22

അസിസ്റ്റന്റ് എൻജിനീയർക്ക് വാടകയ്ക്ക് വാഹനം ലഭ്യമാക്കുന്നതിനുള്ള കരാർ പ്രകാരം വാഹനം ലഭ്യമാക്കിയിരുന്ന ശ്രീ.ഷറഫുദ്ദീൻ എന്ന കരാറുകാരന് പ്രതിമാസം 1500 കിലോമീറ്ററിന് 27,000/-രൂപയാണ് അനുവദിക്കാവുന്ന തുക. 3 മാസം ആകെ ഓടിയ ദൂരം 4500 കി.മീ ൽ അധികമായാൽ, അത്തരത്തിൽ അധികമായി വരുന്ന ദൂരത്തിന് 18/-രൂപ നിരക്കിലും അനുവദിക്കണമെന്നാണ് കരാർ വ്യവസ്ഥ. 3/23 മാസത്തെ തുകയായി 30,024/-രൂപ അനുവദിച്ചിട്ടുണ്ട്. (ബിൽ നം. 29800882/31.3.23). പ്രതിമാസ നിരക്കിലും അധികമായി 3,024/-രൂപ അനുവദിച്ചത് കണക്കാക്കിയതിന്റെ അടിസ്ഥാനം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/16.8.23ന് മറുപടിയായി, 1/23, 2/23 എന്നീ മാസങ്ങളിൽ അധികമായി ഓടിയ ദൂരം 12/22 മാസത്തിലെ കിലോമീറ്റർ കണക്കിൽ ക്രമീകരിച്ചുവെന്നും, സാമ്പത്തിക വർഷാവസാന മാസത്തെ (3/23) അധികം ഓടിയ 168 കി.മീ ദൂരത്തിന്റെ തുക മാത്രമാണ് അധികമായി നൽകിയതെന്നും അസി.എഞ്ചിനീയർ വിശദീകരിച്ചു.

ശ്രീ.ഷറഫുദ്ദീനുമായുള്ള കരാർ 8.8.22 മുതൽ ഒരു വർഷക്കാലയളവിലേക്കാണ്. ഇതനുസരിച്ച് 3/23, 4/23, 5/23 മാസങ്ങളിൽ ആകെ ഓടിയ ദൂരം 4500 കി.മീ കഴിഞ്ഞാലാണ് അധികം ഓടിയ ദൂരത്തിന് രൂപ 18/കി.മീ അനുവദിക്കാവുന്നത്. ഓഡിറ്റിന് ലഭ്യമാക്കിയ വാഹന ലോഗ്ബുക്ക് പ്രകാരം ആകെ ഓടിയ ദൂരം 3/23 മാസത്തിൽ 1668 കി.മീ, 4/23 ൽ 1064 കി.മീ, 5/23 ൽ 1653 കി.മീ (ആകെ 4385 കി.മീ) എന്നിങ്ങനെ ആയതിനാലും, പ്രോജക്ട് നം 143/24 പ്രകാരം 4/23, 5/23 എന്നീ മാസങ്ങളിൽ പരാമർശ കരാർ പ്രകാരം തന്നെ 27,000/-രൂപ നിരക്കിൽ കരാറുകാരന് നൽകിയിട്ടുള്ളതായി ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലും അസി.എഞ്ചിനീയറുടെ വിശദീകരണം അംഗീകരിക്കുന്നില്ല. 3,024/-രൂപ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 15/16.08.23
നിരാകരിക്കുന്ന തുക – 3,024/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 09-08-2023 | കെ.എസ്.എ.കെ.എൽ.എം.പി1/1545/23 തീയതി - 26.09.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ്(രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,00,000/- | ലൈഫ് ജനറൽ – 29/23 | 4,00,000/- | 0 |
| | | 2,00,000/- | ലൈഫ് അഡീഷണൽ – 31/23 | 2,00,000/- | 0 |
| | | 6,75,955/- | പാലിന് സബ്സിഡി (ജനറൽ) പ്രോജക്ട് നമ്പർ -69/23 | 6,75,955/- | 0 |
| | | 3,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ – 20/23 | 3,00,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | 1,50,000/- | അനുപൂരക പോഷകാഹാര പരിപാടി പ്രോജക്റ്റ് നമ്പർ – 19/23 | 1,50,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,000/- | ലൈഫ് ജനറൽ – 29/23 | 2,00,000/- | 0 |
| | | 33,800/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്റ്റ് നമ്പർ – 20/23 | 33,800/- | 0 |
| | | 1,56,588/- | അനുപൂരക പോഷകാഹാര പരിപാടി (SCP) – 54/23 | 1,56,588/- | 0 |
| | | 1,00,000/- | ലൈഫ് എസ് സി പി (30/23) | 1,00,000/- | 0 |
| | | 1,08,517/- | അനുപൂരക പോഷകാഹാര പരിപാടി പ്രോജക്റ്റ് നമ്പർ – 19/23 | 1,08,517/- | 0 |
| | | 1,58,616/- | പാലിന് സബ്സിഡി (ജനറൽ) പ്രോജക്റ്റ് നമ്പർ -69/23 | 1,58,616/- | 0 |
| | | 19,278/- | പാലിന് സബ്സിഡി(SCP) പ്രോജക്റ്റ് നമ്പർ -70/23 | 19,278/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര്/നമ്പർ | നിർവഹണ ഏജൻസി | ബിൽ നം/ ചെക്ക് നം. മുൻകൂർ നൽകിയ തുക ₹ |
|---|---|---|---|
| 1 | 166/23<br>സ്ട്രീറ്റ് ടാപ്പ് കട്ടിംഗ് ചാർജ്<br>അടങ്കൽ - 1,32,000/-രൂപ – (തനത് ഫണ്ട് )<br>ചെലവ് - 1,32,000/-രൂപ | കേരള വാട്ടർ അതോറിറ്റി | ചെക്ക് നം-024620/29-11-22 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 61,60,000/-രൂപ വരവുണ്ട്. മുൻബാക്കി 4,13,680/-രൂപയടക്കം 65,73,680/-രൂപയിൽ 51,05,600/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE | ലഭ്യമല്ല | 61,60,000/- | 3,55,02,680/- | 44,01,640/- | | 3,72,61,040/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 24,590/-രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2009-10 & 10-11 | 3-3 | 3,500/- | സെക്രട്ടറി | 1220100974/31.08.22 |
| 2016-17 | 3-9 | 21,090/- | A E, LS GD | 1220100714/7.7.22 |
| | ആകെ | 24,590/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | ലഭ്യമല്ല |
| 2015-16 | 2-1 | 2016-17 | 3-5-5 | കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് സെക്രട്ടറി നമ്പർ അനുവദിച്ചു നല്കി. | മറുപടി സമർപ്പിച്ചു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13,150/- | ശ്രീമതി. സൗമ്യ.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 3,024/- | ശ്രീമതി. സൗമ്യ.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 9,019/- | ശ്രീ. അനൂപ്, ഓവർസീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്<br>ശ്രീമതി.കാർത്തിക മോഹൻ, ഓവർസീയർ<br>( അക്രഡിറ്റഡ് എഞ്ചിനീയർ ഇൻ-ചാർജ്ജ്)<br>എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 1-16 | 17,100/- | ഡോ.വിനോദ് ജോൺ, സീനിയർ വെറ്ററിനറി സർജൻ |
| 1-17 | 4,10,321/- | ശ്രീമതി. സൗമ്യ.റ്റി AE, LID &EW അലയമൺ |
| 1-18 | 92,348/- | ശ്രീ.ബിജുകുമാർ ആർ, സെക്രട്ടറി |

| | | |
|---|---|---|
| 1-19 | 8,13,110/- | ഡോ.അനൂപ് നരേന്ദ്രൻ നായർ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-20 | 2,32,000/- | ശ്രീ.ബിജുകുമാർ ആർ, സെക്രട്ടറി |
| 1-21 | 5,08,633/- | ഡോ.വിനോദ് ജോൺ, സീനിയർ വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സൗമ്യ.റ്റി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | AE LID &EW അലയമൺ | നൂർ മൻസിൽ,<br>ഇടമുളയ്ക്കൽ പി.ഒ,<br>അഞ്ചൽ |
| ശ്രീ ബിജുകുമാർ ആർ,<br>സെക്രട്ടറി | സെക്രട്ടറി അലയമൺ ഗ്രാമപഞ്ചായത്ത് | അശോക വിലാസം,<br>കിഴക്കുംഭാഗം,<br>ചിതറ പി.ഒ |
| ഡോ. അനൂപ് നരേന്ദ്രൻ നായർ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>കരുകോൺ PHC | ശ്രീധന്യ അപാർട്ട്മെന്റ്<br>ഫ്ളാറ്റ് നം-5 എഫ് ബ്ലോക്ക് എ,<br>കല്ലുംപള്ളി, തിരുവനന്തപുരം |
| ശ്രീമതി.കാർത്തിക മോഹൻ,<br>ഓവർസിയർ | അക്രഡിറ്റഡ് എഞ്ചിനീയർ ഇൻ-ചാർജ്ജ്, (MGNREGS) | കാർത്തിക, ഏറം,<br>നടിക്കാട് |
| ശ്രീ. അനൂപ്, ഓവർസിയർ (MGNREGS) | ഓവർസിയർ (MGNREGS) | അനുമന്ദിരം, ഏരൂർ |
| ഡോ.വിനോദ് ജോൺ,<br>സീനിയർ വെറ്ററിനറി സർജൻ | ഗവ.വെറ്ററിനറി സർജൻ ചണ്ണപ്പേട്ട | പുന്നവിള വീട്,<br>ആയൂർ, ആയൂർ പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൽ.എം/പി-1/447(3)/02-03-2018 | 2 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/447(4)/02-03-2018 | 4 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/447(7)/02-03-2018 | 14 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/447(8)/02-03-2018 | 4 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/447(9)/02-03-2018 | 1 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/447(10)/02-03-2018 | 9 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം/പി-1/447(11)/02-03-2018 | 9 |
| 2006-07 | എൽ.എഫ്.ക്യൂ/പി1/796(2)/19/10.06.19 | 4 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.ക്യൂ/പി1/796(1)/19/10.06.19 | 10 |
| 2008-09 | എൽ.എഫ്.ക്യൂ/പി1/796(3)/19/10.06.19 | 10 |
| 2009-10 & 2010-11 | കെ.എസ്.എ/കെ.എൽ.എം-പി-1/994/21(2)/ 03.10.2022 | 8 |
| 2011-12 & 2012-13 | കെ.എസ്.എ-കെ.എൽ.എം-പി1/994/2022 അദാലത്ത്2011-12, തീയതി 23.08.2022 | 7 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി1/994/2022 അദാലത്ത് 2013-14 & 2014-15, തീയതി 23.08.2022 | 15 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി1/994/2022 അദാലത്ത് 2015-16, തീയതി 23.08.2022 | 5 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി-1/1302/2020/10.12.2020 | 19 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം-പി-1/890/2021/01-08-2022 | 9 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം-പി-1/732/2020/02.08.2022 | 9 |
| 2019-20 | കെ.എസ്.എ/കെ.എൽ.എം-പി-1/930/2022/10.08.2022 | 9 |
| 2020-21 | കെ.എസ്.എ/കെ.എൽ.എം-പി-1/1217/2022/25.07.2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ/കെ.എൽ.എം-പി-1/178/2023/04-04-2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 09-06-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Alayaman Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Alayaman Grama Panchayat for the year 2022-2023

Date: 26/10/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Alayaman Grama Panchayat for the Year 2022-2023.

**1.Major Observations**

1. Discrepancies in carrying forward of the closing balance in the year in respect of assets.

2. Discrepancies/omissions in carrying forward of the closing balance in the year in respect of liabilities.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit Ratios
2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Bank Reconciliation statement prepared erroneously.
4. Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant account.
5. An Amount of Rs 14,10,774/- recouped from MNREGS Account has not been credited to Advance to MNREGS

Admin Expense head of account

6. An Amount of Rs 13,89,824/- refunded from various grant payments converted as own fund.

7. An Amount of Rs 1,40,000/- for which payment has been effected has not been debited to the head of account liability in respect of stale cheque.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.